വൈദ്യുതി ഉൽപാദനത്തിലെ സ്വയംപര്യാപ്തത

69 (221) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി ഉൽപാദനത്തിലും വിതരണത്തിലും കൈവരിച്ച പുരോഗതി വിശദമാക്കാമോ ;

(ബി) വൈദ്യുതി ഉൽപാദന സ്വയംപര്യാപ്തതയ്ക്ക് ഇനി എത്രകാലം വേണ്ടി വരുമെന്ന് വ്യക്തമാക്കുമോ ;

(സി) വൈദ്യുതി ലഭിക്കാൻ അപേക്ഷിച്ചിട്ടുള്ളവരിൽ ഏതെല്ലാം വിഭാഗക്കാർക്ക് പ്രത്യേക മുൻഗണന നൽകുന്നുവെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉൽപാദന രംഗത്ത് 875.6 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധന കൈവരിച്ചു.

പേപ്പാറ	3	മെഗാവാട്ട്
ലോവർ പെരിയാർ	180	"
മാട്ടുപ്പെട്ടി	2	"
പെരിങ്ങൽകുത്ത് ഇടതുകര	16	"
കക്കാട്	50	"
ബി.എസ്.ഇ.എസ്.	40.5	"
കായംകുളം	350	"
ബ്രഹ്മപുരം	106.6	"
കോഴിക്കോട്	128	"
മലമ്പുഴ	2.5	"
	875.6	മെഗാവാട്ട്

വിതരണ രംഗത്ത് 1996-97 സാമ്പത്തിക വർഷം മുതൽ 31-5-2000 വരെയുള്ള പുരോഗതി താഴെപ്പറയും പ്രകാരമാണ്.

11 കെ. വി. ലൈൻ	3368 കി. മീ.
ട്രാൻസ്ഫോമറുകൾ	5155 എണ്ണം
എൽ. റ്റി. ലൈൻ	21776 കി. മീ.
കണക്ഷനുകൾ	1384994 എണ്ണം

സാധാരണ വിഭാഗത്തിൽപ്പെടുന്ന കണക്ഷനുകൾ നൽകുന്നതിലുണ്ടായിരുന്ന കാലതാമസം ഗണ്യമായി കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 31-3-2000 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള വെതർപ്രൂഫ് കണക്ഷനുകൾ ജൂലായ് 31-നകം കൊടുത്തു തീർക്കുവാനും ബോർഡ് ഉത്തരവ് ഇറക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേന്ദ്ര വിഹിതം കൂടി കണക്കിലെടുത്താൽ ഉൽപാദന രംഗത്ത് സംസ്ഥാനം ഇപ്പോൾ സ്വയംപര്യാപ്തമാണ്.

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

എനർജി ഇൻഫ്രാസ്ട്രക്ചർ സർവ്വീസസ് പ്രോജക്ട്

70 (222) ശ്രീ. ആര്യാടൻ മുഹമ്മദ് :
ശ്രീ. പി. പി. തങ്കച്ചൻ :
ശ്രീ. വി. ബാലറാം :
ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി മേഖലയിലെ അടിസ്ഥാന പ്രശ്നങ്ങൾ പഠിച്ച് പരിഹരിക്കുന്നതിനായി എനർജി ഇൻഫ്രാസ്ട്രക്ചർ സർവ്വീസസ് പ്രോജക്ട് എന്ന ഒരു ഏജൻസി രൂപീകരിച്ചിട്ടുണ്ടോ ; ഇതിന്റെ സ്റ്റിയറിംഗ് കമ്മിറ്റി അംഗങ്ങൾ ആരെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവർ ആരെയെല്ലാമാണ് പ്രതിനിധീകരിക്കുന്നത് ;

(സി) ഈ പ്രോജക്ടിന്റെ മാനേജർ ആരാണ് ;

(ഡി) എനർജി ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടിന്റെ സ്റ്റിയറിംഗ് കമ്മിറ്റിയുടെ യോഗം 2000 ഏപ്രിൽ മാസത്തിൽ കൂടുകയുണ്ടായോ ;

(ഇ) അതിൽ പ്രോജക്ട് മാനേജർ റിപ്പോർട്ട് അവതരിപ്പിച്ചുവോ ;

(എഫ്) പ്രസ്തുത റിപ്പോർട്ടിൽ ഈ പ്രോജക്ടിന്റെ പ്രവർത്തനത്തെപ്പറ്റി എന്തെല്ലാം പരാമർശമുണ്ട് ;

(ജി) പ്രസ്തുത റിപ്പോർട്ടിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ ?

ഉത്തരം

(എ&ബി) ഇൻഡ്യാ, കാനഡ, കേരളം എന്നീ ഗവൺമെന്റുകളും കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡും, സംയുക്തമായി ഏർപ്പെട്ടിട്ടുള്ള ധാരണാ പത്രത്തിന്റെ അടിസ്ഥാനത്തിൽ കനേഡിയൻ ഇന്റർനാഷണൽ ഡവലപ്പ്മെന്റ് ഏജൻസി (സിഡാ) യുടെ ധനസഹായത്തോടെ കേരളത്തിലെ പവർ സെക്ടറിലെ വിവിധ പ്രവർത്തനങ്ങളെ സഹായിക്കാൻ വേണ്ടിയുള്ള പദ്ധതിയാണ് എനർജി ഇൻഫ്രാസ്ട്രക്ചർ സർവ്വീസസ് പ്രോജക്ട്. ഇതിന്റെ സ്റ്റിയറിംഗ് കമ്മിറ്റി അംഗങ്ങൾ താഴെപ്പറയുന്നവരാണ്.

1. ചെയർമാൻ, കേരളാ സംസ്ഥാന വിദ്യുച്ഛക്തി ബോർഡ്.
2. പ്രിൻസിപ്പൽ സെക്രട്ടറി (പവർ)-(കേരള സർക്കാരിന്റെ പ്രതിനിധി)
3. ഇൻഡ്യാ ഗവൺമെന്റിന്റെ ഇക്കണോമിക് അഫയേഴ്സ് വകുപ്പിന്റെ പ്രതിനിധി.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly